# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 3802 — 31-01-2014-ൽ മറുപടിക്ക്

## അങ്കമാലി മഞ്ഞിക്കാട്-ദേവഗിരി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി ചാർജ്ജിൽ ഇളവ്.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) ജല അതോറിറ്റിയുടെ കുടിവെള്ള വിതരണം നടക്കാത്ത പ്രദേശങ്ങളിൽ എം.എൽ.എ ഫണ്ടും എം.പി. ഫണ്ടും വിനിയോഗിച്ച് പ്രവൃത്തിക്കുന്ന പ്രാദേശിക കുടിവെള്ള പദ്ധതികൾക്ക് വൈദ്യുത ചാർജ്ജ് ഇളവ് നൽകുന്ന കാര്യം പരിഗണിക്കാമോ; | (എ) എം.എൽ.എ ഫണ്ടും, എം.പി. ഫണ്ടും മുഖേന നടപ്പിലാക്കിയതും ഉപഭോക്താക്കൾ നടത്തുന്നതുമായ ഗാർഹിക ആവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന കുടിവെള്ള പദ്ധതികളെ ഗാർഹിക താരിഫിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഉപഭോഗത്തെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഹരിച്ച് ആളോഹരി ഉപഭോഗം കണ്ടെത്തുകയും ഈ ആളോഹരി ഉപഭോഗത്തിന് ഗാർഹിക താരിഫിലുള്ള നിരക്ക് കണക്കാക്കി അതിനെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിച്ച് കറന്റ് ചാർജ്ജ് കണക്കാക്കുന്ന ബില്ലിംഗ് സമ്പ്രദായത്തിലൂടെ ഗാർഹിക താരിഫിലെ ഏറ്റവും കുറഞ്ഞ നിരക്കാണ് ഈ പദ്ധതികൾക്ക് നിലവിലുള്ളത്. അതേസമയം ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾക്ക് വ്യവസായ നിരക്കിലാണ് വൈദ്യുതിചാർജ്ജ് ഈടാക്കുന്നത്. ഗാർഹിക വൈദ്യുതി നിരക്ക് (പ്രത്യേകിച്ചും താഴെയുള്ള സ്ലാബുകൾ) വ്യവസായ നിരക്കിനേക്കാൾ വളരെ കുറവാണ് സ്വീകരിച്ചിട്ടുണ്ട്. |
| (ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിലെ വാർഡ് മൂന്നിലെ മഞ്ഞിക്കാട്-ദേവഗിരി കുടിവെള്ള പദ്ധതിയുടെ പേരിൽ വന്നിരി | (ബി) എം.എൽ.എ ഫണ്ടും, എം.പി. ഫണ്ടും മുഖേന നടപ്പിലാക്കിയതും ഉപഭോക്താക്കൾ നടത്തുന്നതുമായ ഗാർഹിക |

ക്കുന്ന ഭീമമായ വൈദ്യുതി ചാർജ്ജിൽ ഇളവു നൽകുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ

ആവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന കുടിവെള്ള പദ്ധതികളെ ഗാർഹിക താരിഫിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ പട്ടിക ലഭിച്ചതിനെത്തുടർന്ന് ഉപഭോഗത്തെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഹരിച്ച് ആളോഹരി ഉപഭോഗം കണ്ടെത്തുകയും ഈ ആളോഹരി ഉപഭോഗത്തിന് ഗാർഹിക താരിഫിലുള്ള നിരക്ക് കണക്കാക്കി അതിനെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിച്ച് കറന്റ് ചാർജ്ജ് കണക്കാക്കുന്ന ബില്ലിംഗ് സമ്പ്രദായത്തിലൂടെ തുറവൂർ ഇലക്ട്രിക്കൽ സെക്ഷനിലെ കുടിവെള്ള പദ്ധതിയായ കൺസ്യൂമർ നമ്പർ 6833-ന് 01.12.2013 മുതൽ വൈദ്യുതി ചാർജ്ജിൽ ഇളവ് നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ